പി. ഡബ്ലിയു. ഡി. ഇറിഗേഷൻ വകുപ്പിലെ താൽക്കാലിക ജീവനക്കാർ

169 (3046) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിലും ജലസേചനവകുപ്പിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ച് 1982 മുതൽ സർവ്വീസിൽ തുടരുന്ന ഓവർസിയർ, ഡ്രാഫ്റ്റ്സ്മാൻ തുടങ്ങിയ താൽക്കാലിക ജീവനക്കാർ എത്ര പേരുണ്ട് എന്നറിയിക്കുമോ ;

(ബി) ഇവരിൽ അധികം ജീവനക്കാർക്കും തുടർച്ചയായി പത്തൊൻപത് വർഷം സർവ്വീസുള്ളവരും അൻപത് വയസ്സിൻമേൽ പ്രായമായിട്ടുള്ളവരും ആണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) 1982 മുതൽ പൊതുമരാമത്ത് വകുപ്പിലും ജലസേചനവകുപ്പിലും താൽക്കാലിക നിയമനവ്യവസ്ഥയിൽ സർവ്വീസിൽ തുടരുന്ന പത്ത് വർഷത്തിലധികം സർവ്വീസുള്ള ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് ഗവൺമെന്റ് നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ/മൂന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ 16 പേരുണ്ട്. ജലസേചന വകുപ്പിൽ 71 പേരുണ്ട്.

(ബി) ഉണ്ട്.

(സി) കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടരുന്ന താൽക്കാലിക ജീവനക്കാരെ സംബന്ധിച്ച് കോടതിയുടെ അന്തിമ തീരുമാനം ലഭിക്കുന്ന മുറയ്ക്ക് അടിയന്തിര നടപടി കൈക്കൊള്ളുന്നതാണ്.

170 (3047) വില്ലിക്കടവ് പാലം പുതുക്കി പണിയാൻ നടപടി

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല-പാരിപ്പള്ളി റോഡിലെ പഴക്കമേറിയ വില്ലിക്കടവ് പാലത്തിന്റെ അപകടസ്ഥിതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പാലം പുതുക്കി പണിയണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ പാലം അടിയന്തിരമായി പുതുക്കിപ്പണിത് അപകടസാദ്ധ്യത ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly